# മക്ബ്വറയും ആനയും

ശാഫി സ്വലാഹി ചങ്ങലീരി

മക്ബ്വറകളോടനുബന്ധിച്ച് നടന്നുവരുന്ന അനാചാരങ്ങളുടെ കൂത്തരങ്ങാണ് ആണ്ടുനേർച്ചകൾ എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ?. അക്കൂട്ടത്തിൽ സുന്നി പണ്ഡിതന്മാരുടെ അറിവോടും ആശിർവാദ ത്തോടും കൂടി നടന്നുവരുന്ന ഒരിനമാണ് ആനയെഴുന്നള്ളത്ത്. ഈ സമ്പ്രദായം കേരളത്തിലാണ് മറ്റു സംസ്ഥാനങ്ങളേക്കാൾ കൂടുതൽ കണ്ടുവരുന്നത്. വലിയൊരു പുണ്യകർമമെന്ന മട്ടിലാണ് പൊതുജനവും ജാറകമ്മറ്റിക്കാരും ഇതിനെ കാണുന്നതും. അതുകൊണ്ടുതന്നെ ഈ ആവശ്യത്തിനുവേണ്ടി ലക്ഷങ്ങൾ ചെലവഴിക്കാൻ അവർ ആവേശം കാണിക്കുന്നു! എന്തിനധികം, നേർച്ചയുടെ ഓരോ വർഷം കഴിയുമ്പോഴും അതിനനുസരിച്ച് ആനകളുടെ എണ്ണം കൂട്ടുന്ന ജാറക്കമ്മറ്റിക്കാർ പോലും കേരളത്തിലുണ്ട്. ആനകളുടെ എഴുന്നള്ളത്തിന് പ്രത്യേകം മാർക്ക് നിശ്ചയിച്ച് സമ്മാനം നൽകുന്നവരെയും അവരിൽ കാണാം. (തെളിവുകൾ ശേഷം വരുന്നുണ്ട്)

അത്തരം കമ്മറ്റിക്കാരുടെ ചെലവിൽ കഴിയുന്ന സുന്നി മുസ്ല്യാക്കന്മാരാകട്ടെ ഈവക അനാചാരങ്ങളെ എതിർക്കേണ്ടതിനു പകരം അവക്കനുകൂലമായി ഫത്‌വ പുറപ്പെടുവിക്കുകയും ശക്തിയായി ന്യായീകരിക്കുകയും ചെയ്യുന്നു! കാരണം സത്യത്തേക്കാളും പരലോകഭയത്തേക്കാളും അവർ വലുതായി കാണുന്നത് ഇത്തരം അനിസ്ലാമികാചാരങ്ങളിലൂടെ ലഭിക്കുന്ന ചില്ലറ നാണയത്തുട്ടുകളാണ്! ഇത് വെറുതെ പറയുന്നതല്ല. പച്ചയായ യാഥാർത്ഥ്യം മാത്രമാണ്. ഇതാ, ജാറവരുമാനംകൊണ്ട് ഉപജീവനം നടത്തുന്ന സമസ്തക്കാരായ കുറെ പണ്ഡിതന്മാരുടെ വരികൾ നോക്കൂ:

**(ശൈഖ് നൂറുദ്ധീൻ ഹമദാനി(റ)യും ദർഗ്ഗാശരീഫും. പേജ്: 56. പി. അബ്ദുറഹിമാൻ മുസ്‌ലിയാർ, ചാലിയം)**



നാട്ടിലെ തൊഴിലാളികൾക്കും വ്യാപാരികൾക്കും പണത്തിന്റെ കൊയ്ത്തുകാലവുമാണ്. ഇങ്ങനെ അനേകം നന്മകൾ ഉള്ളതു കൊണ്ട് സാമാന്യ ജനങ്ങൾക്കിതിനോടു വലിയ താൽപര്യമാണ്. കുഴൽവിളി മുതലായ ചില തെറ്റുകൾ അതിലുള്ളതു കണക്കിലെടുത്ത് അതു വിമർശിക്കുന്നവരുമുണ്ട്. ആനകളുടെ എഴുന്നള്ളിക്കൽ തെറ്റുകളുടെ കൂട്ടത്തിൽ എണ്ണിപ്പറയുന്നതു ശരിയല്ല. മൃഗങ്ങൾ വരുന്നതും പോകുന്നതും കാണാൻ കൗതുകമുണ്ട് എന്നു വിശുദ്ധ ഖുർആൻ വിജയിരുത്തിയിട്ടുണ്ട്. (നഹ്‌ല് 6). ഹൈന്ദവരുടെ ഉൽസവത്തിനു ആനയുള്ളതുകൊണ്ട് നമുക്കതു പാടില്ല എന്നു പറയുന്നതു ശരിയല്ല. ഹൈന്ദവർക്കു പായസമുണ്ട് എന്നുവെച്ച് നാം അതു വർജ്ജിക്കാറില്ലല്ലോ. അമ്പലത്തിൽ ചാമ്പ്രാണി പുകക്കുന്നു. നാം അതു വർജ്ജിക്കുന്നില്ലല്ലോ. നമ്മുടെ പള്ളി ദർസുകളും ബോർഡിംഗ് മദ്രസകളും കുറ്റമറ്റതാണോ? വല്ലപ്പോഴും എന്തെങ്കിലും കുറ്റകരമായ കാര്യങ്ങൾ നടക്കുന്നതുകൊണ്ട് നാം അവ നിർത്തിവെക്കുന്നില്ലല്ലോ.

എങ്ങനെയുണ്ട് ന്യായീകരണം?! ഹൈന്ദവ ഉൽസവത്തിന് ആനയുള്ളതുകൊണ്ട് നമുക്കതു പാടില്ല എന്നു പറയുന്നത് ശരിയല്ലെന്ന്?! നഊദുബില്ലാഹ്! എന്താണീ പറയുന്നത്? ഒരു സാധാരണക്കാരനായ മുസ്‌ലിം പറയേണ്ട വാക്കാണോ ഇത്? ഇത്തരം വൃത്തികെട്ട ന്യായീകരണങ്ങളിലൂടെ എവിടേക്കാണിവർ ഈ സമുദായത്തെ കൊണ്ടുപോകുന്നത്? അവസാനം മൂസാനബിയുടെ ജനത പറഞ്ഞതുപോലെയാകില്ലേ കാര്യം?! അവർ പറഞ്ഞു: إجعل لنا الها كما لهم آلهة! "മറ്റുള്ളവർക്ക് കണ്ണിൽ കാണുന്ന ദൈവങ്ങളുള്ളതുപോലെ ഞങ്ങൾക്കും ദൈവങ്ങളെ ഉണ്ടാക്കിത്തരൂ" എന്ന്. ഈ മുസ്‌ല്യാക്കന്മാരും അങ്ങനെ പറയുന്ന കാലം അതിവിദൂരമല്ലെന്ന് അവരുടെ മേൽ ന്യായീകരണങ്ങളിൽനിന്നും നാം ഭയപ്പെടേണ്ടതുണ്ട്!! ഹൈന്ദവ ഉത്സവത്തിലുള്ള എല്ലാ അനിസ്‌ലാമികാചാരങ്ങളെയും ഇസ്‌ലാമിന്റെ ലേബലിൽ അവതരിപ്പിക്കാനുള്ള ആദ്യ സ്റ്റെപ്പാണിതെന്ന കാര്യത്തിലേതായാലും തർക്കമില്ല.

മാത്രമല്ല, മുസ്‌ല്യാർ മേൽ ഉദ്ധരണിയിലൂടെ ഒരു ആയത്തിനെയാണ് ദുർവ്യാഖ്യാനിച്ചിരിക്കുന്നത്!! സുറഃ നഹ്‌ലിലെ 8-ാം വചനത്തിലാണത്രെ ആനയെഴുന്നള്ളത്തിലുള്ള കൗതുകം വിശദീകരിക്കുന്നത്?! എത്രവലിയ ധിക്കാരമാണിത്! ഇവർക്ക് പറഞ്ഞുകൂടാൻ പറ്റാത്തതെന്താണ്?! യഥാർത്ഥത്തിൽ പ്രസ്തുത ആയത്തിൽ പറയുന്നത് നേർച്ചയിലെ ആനയെഴുന്നള്ളത്തിനെക്കുറിച്ചോ മറ്റേതെങ്കിലും സമയത്ത് ആനയെ പ്രദർശിപ്പിക്കുന്നതിനെക്കുറിച്ചോ അല്ല. എന്തിനധികം, ആനയെക്കുറിച്ചുതന്നെയല്ല. പ്രത്യുത, പാലിനും മാംസത്തിനും മറ്റു ഉപയോഗങ്ങൾക്കും വേണ്ടി മനുഷ്യർ വളർത്തുന്ന കന്നുകാലികളെക്കുറിച്ചാണ്. അതും അവയെ ഉത്സവങ്ങൾക്ക് എഴുന്നള്ളിക്കുന്നതിനെ ക്കുറിച്ചുമല്ല. അവയെ രാവിലെ മേയാൻ വിടുന്നതും വൈകുന്നേരം തിരികെ കൊണ്ടുപോകുന്നതും കൗതുകകരമായ കാഴ്ചയാണെന്നാണ് ആയത്തിൽ പറയുന്നത്. എന്നിട്ട് ഇക്കാര്യമാണ് വന്യമൃഗമായ ആനയെ അനാചാരത്തിന്റെ ഉത്സവത്തിൽ എഴുന്നള്ളിക്കാൻ തെളിവാക്കുന്നത്!! വല്ലാത്ത കരളുറപ്പുതന്നെ! പ്രസ്തുത ആയത്തും അതിന്റെ അർത്ഥവും വ്യാഖ്യാനവും പ്രസിദ്ധ സുന്നി പണ്ഡിതന്റെ പരിഭാഷയിൽ നിന്നുതന്നെ നേരിട്ട് കാണുക:

**(ഖുർആൻ പരിഭാഷയും വ്യാഖ്യാനവും 1/575, തിരൂരങ്ങാടി ഖാസി അബ്ദുറഹിമാൻ മഖ്ദൂമി പൊന്നാനി)**






സൂറത്തുന്നഹ്ൽ 575 ജുസ്അ് 14

وَالْأَنْعَامَ خَلَقَهَا لَكُمْ فِيهَا دِفْءٌ وَمَنَافِعُ وَمِنْهَا تَأْكُلُونَ ۝

5. അവൻ നിങ്ങൾക്ക് വേണ്ടി നാൽക്കാലികളെ സൃഷ്ടിച്ചു തന്നു. നിങ്ങൾക്ക് അവയിൽ ചൂടും (പുതെക്കുന്ന കമ്പിളിവസ്ത്രങ്ങളും) മററു പല പ്രയോജനങ്ങളുമുണ്ട്. അവയിൽ ചിലതിനെ നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു.

മനുഷ്യന് അല്ലാഹു നൽകിയ വലിയ സമ്പത്താണ് കന്നുകാലികൾ. അവ നിമിത്തം മനുഷ്യന് പല പ്രയോജനങ്ങളുമുണ്ട്. അവയുടെ മാംസം ഭക്ഷിക്കാം. പാൽ കുടിക്കാം. രോമങ്ങൾകൊണ്ട് കമ്പിളിവസ്ത്രങ്ങളും തോൽകൊണ്ട് ചെരിപ്പുകളും മററുമുണ്ടാക്കാം. കൊമ്പുകളും എല്ലുകളും പലതിനും ഉപയോഗിക്കുന്നു. മൂത്രവും ചാണകവും മുന്തിയ വളങ്ങളാണ്. ഇങ്ങനെ എണ്ണമററ പ്രയോജനങ്ങളുള്ള കന്നുകാലികളെ മനുഷ്യന് അല്ലാഹു നൽകിയത് മഹത്തായ അനുഗ്രഹം തന്നെയാണ്.

وَلَكُمْ فِيهَا جَمَالٌ حِينَ تُرِيحُونَ وَحِينَ تَسْرَحُونَ ۝

6. അവയെ വൈകുന്നേരം (ആലയിലേക്ക്) കൊണ്ട് വരുമ്പോഴും രാവിലെ (മേയാൻ) കൊണ്ട് പോകുമ്പോഴും നിങ്ങൾക്ക് അവയിൽ കൗതുകമുണ്ട്.

കന്നുകാലികളെ രാവിലെ മേയാൻ വിടുന്നതും, വൈകുന്നേരം ആലയിലേക്ക് തിരികെ കൊണ്ടു വരുന്നതും കൗതുകകരമായ ഒരു കാഴ്ചതന്നെയാണ്. കന്നുകാലികളെക്കൊണ്ടുള്ള അതിപ്രധാ

ഇപ്പോൾ വ്യക്തമായല്ലോ, നേർച്ചക്ക് ആനയെഴുന്നള്ളിക്കുന്നതും മേൽ ആയത്തും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നും മുസ്‌ല്യാക്കന്മാർ നടത്തുന്നത് തനി ദുർവ്യാഖ്യാനമാണെന്നും!!

ഇനിയും ആനയെഴുന്നള്ളത്തിനെ മുസ്‌ല്യാക്കന്മാർ ന്യായീകരിക്കുന്നത് കാണുക: ''സുന്നി ആചാരങ്ങളുടെ ഒരു പിടി ഉദാഹരണങ്ങളും അതിന്റെ ഇസ്‌ലാമികമായ അടിസ്ഥാനങ്ങളുമായി വിഷയാവതാരകൻ പ്രമുഖ പണ്ഡിതനും ചിന്തകനും എസ്.വൈ.എസ് ജില്ലാ ഉപാധ്യക്ഷനുമായ എം.പി.

മുസ്തഫൽ ഫൈസി പ്രഭാഷണം ആരംഭിച്ചു. മഹ്ശറവിളിയിലെ ഇബാറത്ത് തുടങ്ങി നേർച്ചയും അതിൽ ഗജവീരന്മാർ പങ്കുകൊള്ളുന്നതും, കുത്ത് റാത്തീബ്, മാല മൗലീദുകളും തുടങ്ങി ഒരുപാട് ആചാരങ്ങൾ വഹാബികളും മൗദൂദികളും അനാചാരമാക്കി തള്ളുന്നതും സുന്നികൾ സദാചാരമായി അനുഷ്ഠിക്കുന്നതുമായ വിഷയങ്ങളുടെ അടിസ്ഥാനം ഖുർആനും സുന്നത്തും സച്ചരിതരുടെ നടപടിക്രമങ്ങളുമാണെന്ന് വ്യക്തവും യുക്തവുമായ നിലയിൽ അദ്ദേഹം സമർത്ഥിച്ചു." *(സുന്നി അഫ്കാർ. 2006 ഡിസംബർ. 6)*

**(മഖ്ബറ ആചാരങ്ങൾ. പേജ്: 39. എൻ.കെ. അബ്ദുന്നാസിർ വഹബി. ഇസ്‌ലാമിക പ്രസാധന സംഘം)**




ക്കുകയും സദാചാരങ്ങൾക്കിടയിൽ അനാചാരങ്ങൾ കേറിക്കൂടുന്നുവെങ്കിൽ അവ ഇല്ലായ്മ ചെയ്യാൻ ആഹ്വാനം ചെയ്യലും ശ്രമിക്കലുമാണ് ബുദ്ധിപരമായ സമീപനം. പക്ഷേ, സദാചാരമേത്, അനാചാരമേത് എന്ന് ഇമാമുകളുടെ കിതാബുകൾ പരിശോധിച്ചു ഗ്രഹിക്കേണ്ടതാണ്. <u>സുന്ദരകാഴ്ചക്കായി ആനകളെ കൊണ്ടുവരുന്നതും കണ്ടുരസിക്കാനും കേട്ടാസ്വദിക്കാനും കരിമരുന്നുകൾ പ്രയോഗിക്കുന്നതുമൊന്നും ഹറാമാണെന്നു വിധിയെഴുതാവതല്ല.</u> ചെണ്ടമുട്ടുകളിലും ഹറാമും ഹലാലുമെല്ലാം കാണും. അവ കാര്യവിവരമുള്ള പണ്ഡിതൻമാരുടെ നിരൂപണത്തിനു വിധേയമായി മനസ്സിലാക്കേണ്ടതാണ്. വെറും പേരുകേട്ടുമാത്രം അനാചാരം, അനിസ്‌ലാമികം എന്നു വിധിച്ചുകൂടാ. ഹറാമാണെന്നു പൊതുവായും പറയാവതല്ല.

**(ശൈഖ് നൂറുദ്ധീൻ ഹമദാനി(റ)യും ദർഗ്ഗാശരീഫും. പേജ്: 59, പി. അബ്ദുറഹിമാൻ മുസ്‌ലിയാർ, ചാലിയം)**



മുൻനിശ്ചയമനുസരിച്ചുള്ള വരവുകളാണ് പിന്നെ ഉച്ചകഴിഞ്ഞ് തുടരുന്ന വരവുകളും അതിന്റെ വരവേൽപ്പും പാതിരവരെ നീണ്ടുനിൽക്കും. ചിലപ്പോൾ നേരം പുലർന്നെന്നും വരും.

<u>നെറ്റിപ്പട്ടം കെട്ടിയ ആനകൾ, ആനപ്പുറത്തു മുത്തുക്കുട നിവർത്തി പിടിച്ചിരിക്കുന്ന തലപ്പാവുകൾ, ചെണ്ടമുട്ടും കുഴൽവിളിയും, കുതിരസവാരിക്കാർ, പാണന്മാരുടെ മുട്ടും, ബാന്റ് മുട്ടും, കിണ്ണാരം മുട്ടും, കോൽക്കളി, മുന്നിൽ വലിയകൊടി, എല്ലാംകൂടി ആവേശം മൂത്ത് പരിസരബോധം നഷ്ടപ്പെട്ട് ആയിരങ്ങളുടെ ഘോഷയാത്ര.</u> വഴിയോരങ്ങളിലും വീടുനുമുകളിലും കാഴ്ചക്കാരായ സ്ത്രീകൾ, റോഡരികിൽ പലയിനം

**(നഫീസത്തുൽ മിസ്‌രിയ്യ പേജ്: 59, കെ.കെ. അബ്ദുറഹ്മാൻ മുസ്‌ല്യാർ എഴിപ്രം, ആലുവ)**



ത്തപ്പെടുന്ന പ്രവർത്തികൾ ഒന്ന് തന്നെ. ആനയെ എഴുന്നള്ളിച്ചു ചെണ്ട വാദ്യങ്ങളോടെ ഘോഷയാത്ര നടത്തുക. ഇതാണ് പൊതുവെ ഈ പരിപാടികളിലെ പ്രധാന ഇനം.

<u>ആന ഹറാമായ ജീവിയല്ല. ഔലിയാഇനെ ആദരിക്കുക എന്ന ലക്ഷ്യം വെച്ചു ആനയെ ആനയിക്കൽ കുറ്റകരമായി കണക്കാക്കാൻ പറ്റില്ല,</u> എങ്കിലും വാദ്യഉപകരണങ്ങൾ ഉപയോഗിച്ചുള്ള ആനയിക്കൽ കുറ്റകരം തന്നെയാണ്. മിക്ക ചന്ദനക്കുടങ്ങളിലും നേർച്ചകളിലും പരപുരുഷന്മാരോടൊപ്പം ഘോഷയാത്രയിൽ സ്ത്രീകളും പങ്കെടുക്കുന്നു. ഇതും ഹറാം തന്നെയാണ്.

ഇനി, മുസ്‌ല്യാക്കന്മാരുടെ അറിവോടും ആശിർവാദത്തോടും കൂടി കേരളത്തിലെ ചില ജാറങ്ങളിൽ ആണ്ടുനേർച്ചകളോടനുബന്ധിച്ച് നടന്ന ആന എഴുന്നള്ളത്തിന്റെ ചില ഉദാഹരണങ്ങൾ പത്രങ്ങൾ പ്രസിദ്ധീകരിച്ചതും ജാറക്കമ്മറ്റിക്കാർ പുറത്തിറക്കിയതും രേഖകൾ സഹിതം കാണുക:



ത്തമാനം • 3





തക്ബീർ ധ്വനികളോടെ



• നാട്ടുവർ

## കാളിയാറോഡ് ചന്ദനക്കുടം നേർച്ചയ്ക്ക് ആയിരങ്ങൾ



## ഖാദർ ഔലിയ ചന്ദനക്കുടം നേർച്ച ആഘോഷിച്ചു

# നൈനാങ്കാട് ഷൈഖ് പരീദ് ഔലിയ ചന്ദനക്കുടം നേർച്ച ആഘോഷിച്ചു



കിഴക്കഞ്ചേരി നൈനാങ്കാട് ഷൈഖ് പരീദ് ഔലിയ ചന്ദനക്കുടം നേർച്ച ഭക്തിസാന്ദ്രം ആഘോഷിച്ചു.



മലയാള മനോരമ



# കൂറ്റനാട് നേർച്ച ആഘോഷിച്ചു





മലയാള മനോരമ

# കാളിയാറോഡ് നേർച്ച ആഘോഷിച്ചു





# നെനാങ്കാട് ചന്ദനക്കുടം ആഘോഷിച്ചു



ഫാൽക്കൺ ബോയ്സ്



# വണ്ടിത്താവളം ചിന്നമിരാസാ അവുലിയാ
## നാൽപ്പതടിദർഹാ ചന്ദനക്കുടം

10-4-2005 (1180 മീനം 27-1426 റ: ഉൽ അവ്വൽ 1)

അന്നേദിവസം പഴയ കന്നുകാലി ചന്തയിൽ

## ഗംഭീര ഗാനമേള

ചിന്തിക്കുക! ഇതെല്ലാം ഏതെങ്കിലും അമ്പലങ്ങളിലോ ഉത്സവങ്ങളിലോ നടക്കുന്ന ആനയെഴുന്നള്ളത്തിന്റെ ചിത്രങ്ങളല്ല. മറിച്ച് കേരളത്തിലെ സുന്നി പണ്ഡിതന്മാരുടെ അറിവോടും ആശിർവാദത്തോടും നടക്കുന്ന നേർച്ചകളുടെ നേർചിത്രങ്ങളാണ്. അതും കേരളത്തിലെ ദേശീയ ദിനപത്രങ്ങൾ പ്രസിദ്ധീകരിച്ചതും ജാറക്കമ്മറ്റിക്കാർ പുറത്തുവിട്ടതുമായ അനിഷേധ്യമായ രേഖകൾ! ഇനി, ഇത്തരം ആനയെഴുന്നള്ളത്തുകൊണ്ട് ആധുനിക സമൂഹം അനുഭവിക്കുന്ന ചില ദുരന്തങ്ങൾകൂടി ശ്രദ്ധിക്കുക:


മാതൃഭൂമി

ആനകൾ വിരണ്ടോടി: 20 പേർക്ക് പരിക്ക്


നേർച്ചക്ക് കൊണ്ടുവന്ന ആന ഒരാളെ കൊന്നു


നേർച്ചക്കിടെ ആന വിരണ്ടു രണ്ടുവീടുകൾ തകർത്തു


മലയാള മനോരമ

എത്ര ദയനീയമാണ് രംഗം! ഇങ്ങനെ എത്രപേർ ഇവരുടെ ഈ ഒരു 'ഇബാദത്ത്' കാരണം മരണട്ടു! എത്ര മുതൽ നശിപ്പിക്കപ്പെട്ടു?! മറ്റു നഷ്ടങ്ങളെത്രയുണ്ടായി!! ഇതെല്ലാം മുസ്ല്യാക്കന്മാരുടെ ദുർവ്യാഖ്യാനങ്ങളുടെ ഫലമാണെന്നത് വ്യക്തമല്ലേ? ഏതാനും വർഷങ്ങൾക്കുമുമ്പ് ഒരു സഖാഫി (അലവി സഖാഫി), ഒരു മുഖാമുഖത്തിൽ ആനയെ ന്യായീകരിച്ചുകൊണ്ട് പ്രസംഗിച്ചത് രസാവഹമാണ്. അദ്ദേഹം ചോദ്യകർത്താവിനോട് തിരിച്ച് ചചോദിച്ചത് ഇപ്രകാരമാണ: "ആനക്കെന്താ കുഴപ്പം? ആനയെ തൊടാൻ പാടില്ലെന്നോ കാണാൻ പാടില്ലെന്നോ ഉപയോഗിക്കാൻ പാടില്ലെന്നോ ഖുർആൻ പറഞ്ഞിട്ടുണ്ടോ? അന്യമതസ്ഥർ ചെയ്യുന്നുണ്ടെന്നുകരുതി അത്തരം സംഗതികൾ നമുക്ക് ചെയ്യാൻ പാടില്ലേ?" മുസ്ല്യാക്കന്മാരുടെ ഇത്തരം ന്യായീകരണങ്ങൾ ജാറക്കമ്മറ്റിക്കാർക്ക് വലിയ ആവേശമാണുണ്ടാക്കിയത്! ഇപ്പോഴിതാ പോയിപ്പോയി ജാറത്തിൽ എഴുന്നള്ളിക്കുന്ന ആനകളിൽ ഏറ്റവും തലയെടുപ്പുള്ള ആനക്ക് പ്രത്യേക സമ്മാനങ്ങൾ നൽകാനും തുടങ്ങിയിക്കുന്നു. ചിത്രത്തോടുകൂടി ഒരു ദിനപത്രം പ്രസിദ്ധീകരിച്ച ഒരു വാർത്ത നോക്കൂ:


വട്ടേക്കാട് ചന്ദനക്കുടം നേർച്ചക്ക് കൊടികയറി

ചാവക്കാട്: ആയിരങ്ങളെ സാക്ഷിനിർത്തി വട്ടേക്കാട് ശൈഖ് ബദ്റുദ്ദീൻ തങ്ങളുടെ ചന്ദനക്കുടം നേർച്ചയുടെ പ്രധാന ചടങ്ങായ കൊടികയറ്റ കാഴ്ച നടന്നു.

ആലുംപറമ്പ് പള്ളിയിൽ നിന്നും ഗജവീരന്മാരുടേയും വിവിധ വാദ്യമേളങ്ങളുടേയും അകമ്പടിയോടെ കൊടിയുമായി പുറപ്പെട്ട് വട്ടേക്കാടിന്റെ വിവിധ ഭാഗങ്ങളിൽ ചുറ്റി സഞ്ചരിച്ച് ജാറം അങ്കണത്തിൽ എത്തിച്ചേർന്നതോടെ കുന്ദംകുളം ഡി.വൈ.എസ്.പി വി.കെ.ഗിരിജനാഥൻ നായർ കൊടികയറ്റം നിർവ്വഹിച്ചു.

കൊടികയറ്റത്തിന് ശേഷം തലയെടുപ്പുള്ള ആനകൾക്കുള്ള ക്യാഷ് അവാർഡ് വിതരണം ചാവക്കാട് സി.ഐ. ബി.കൃഷ്ണകുമാർ, ഗുരുവായൂർ സി.ഐ.കെ.ബി.സുരേഷ്, ചാവക്കാട് എസ്.ഐ.കെ.അശ്വിൻകുമാർ എന്നിവർ നിർവ്വഹിച്ചു.

ചടങ്ങിൽ ആഘോഷ കമ്മിറ്റി രക്ഷാധികാരി എം.എ.അബൂബക്കർ ഹാജി വട്ടേക്കാട്, ജുമാഅത്ത് കമ്മിറ്റി പ്രസിഡന്റ് പി.കെ.സലാം ഹാജി, സെക്രട്ടറി വി.പി.ബഷീർ ഹാജി എന്നിവർ സംബന്ധിച്ചു.

ഏറ്റവും തലയെടുപ്പുള്ള ആനക്കുള്ള ക്യാഷ് അവാർഡ് കെ.ബി.സുരേഷ് നൽകുന്നു.

ചിന്തിക്കുക! എത്ര ദയനീയമാണ് നമ്മുടെ സമുദായത്തിന്റെ അവസ്ഥ? ത് ഖുർആൻ പാരായണ മത്സരത്തിൽ വിജയിച്ചയാൾക്കുള്ള സമ്മാനമല്ല. പോരിശയാക്കപ്പെട്ട സുന്നത്ത് ജമാഅത്തിന്റെ ആണ്ട് നേർച്ചയിൽ ഏറ്റവും തലയെടുപ്പുള്ള ആനയെ എഴുന്നള്ളിച്ചതിനുള്ളതാണ്. മുസ്ല്യാക്കന്മാരുടെ നേതൃത്വത്തിൽ എവിടേക്കാണിവർ ഈ മതത്തെയും സമുദായത്തെയും കൊണ്ടുപോകുന്നത്? ഗൗരവപൂർവ്വം ചിന്തിക്കുക!!

ഈ വിഷയത്തിലുള്ള മറ്റൊരു രസകരമായ കഥ ഒരു മുസ്ല്യാരുടെ വരിയിലൂടെ തന്നെ കാണുക:

**(മുട്ടുംവിളി നേർച്ചയെ എതിർക്കുന്നവർക്കൊരു മറുപടി. പേജ്: 31,32. ഹാജി. ടി. പോക്കർ മുസ്ലിയാർ)**




മറ്റൊരുദാഹരണം തിരൂർ പുതിയങ്ങാടി യാഹു തങ്ങളുടെ നേർച്ച. ഈ നേർച്ചയിലേക്ക് പെട്ടി വരവുകളിൽ അധികവും ആന ഉണ്ടാവൽ പതിവായിരുന്നു. യാഹു തങ്ങളുടെ മരണ ശേഷം നേർച്ച നടത്തിവരുന്നത് നാലകത്ത് തറവാട്ടുകാർ തന്നെയാണ്. ആ തറവാടിനോടുള്ള കുടിപക നേർച്ചക്ക് ആനയെ മുടക്കാൻ വരെ കാരണമായി. നേർച്ചക്കായി ഏൽപിച്ച ആനയെ ആരോ മുടക്കിയത്രെ. വിവരം അറിഞ്ഞ നാലകത്ത് തറവാട്ടിലെ പഴയ കാരണവർ കുഞ്ഞാനിക്ക ആനക്കാരുടെ അടുത്തേക്ക് പോകുവാൻ ഒരുങ്ങിയപ്പോൾ സമയം വൈകിയിരുന്നു. യാത്ര ചെയ്യേണ്ട വണ്ടിയുടെയും സമയം തെറ്റിയിരുന്നു. ആകെ വേവലാതി പൂണ്ട് യാഹു തങ്ങളുടെ മഖാമിൽ കയറി പ്രാർത്ഥിച്ചപ്പോൾ നീ വേഗം പുറപ്പെട്ടോളൂ. നിന്നെ കാത്ത് വണ്ടി നിൽക്കും എന്നൊരശരീരി കേട്ടത്രെ. കുഞ്ഞാനിക്ക വേഗം റെയിൽവെ സ്റ്റേഷനിൽ എത്തിയപ്പോൾ ഒരു ട്രൈൻ എന്തോ എഞ്ചിൻ തകരാറു മൂലം സ്റ്റേഷനിൽ നിൽക്കുന്നുണ്ടായിരുന്നുവത്രെ. കുഞ്ഞാനിക്ക വണ്ടിയിൽ കയറി അൽപ സമയത്തിനു ശേഷം എഞ്ചിൻ തകരാർ ശരിപ്പെടുകയും യാത്ര പുറപ്പെടുകയും ചെയ്തു. ആനക്കാരുടെ അടുത്ത് എത്തിയപ്പോൾ നേർച്ചക്ക് വരില്ലെന്ന് അറിയിച്ചവരുടെ ഒരാനക്ക് എന്തോ അസുഖം പിടിപെട്ടത്രെ. ആ ആന ഉൾപ്പെടെ കൂടുതൽ ആ തവണ നേർച്ചക്ക് വരികയും ചെയ്തു. ഈ യാഹു തങ്ങളുടെ നേർച്ചയിൽ മുട്ടും വിളിയും മൗലിദ് അന്നദാനവും നടത്തുന്നതും അതിൽ പെട്ടതാണ്.

ചിന്തിച്ചുനോക്കൂ, ഒരു ജാറത്തിലെ നേർച്ചക്ക് ഏൽപിച്ച ആനയെ ഒരാൾ മുടക്കിയതിന്റെ പേരിൽ മാത്രമുണ്ടായ 'പ്രത്യാഘാത'ങ്ങളാണ് മുകളിൽ വായിച്ചത്! ആനയോടുള്ള ഇവരുടെ കടപ്പാടും ആവശ്യകതയും ഇതിൽനിന്നും വ്യക്തമല്ലേ?! ജാറത്തിലേക്കുള്ള ആനയെ മുടക്കിയതിന് ദുനിയാവിൽ വെച്ചുതന്നെ ശിക്ഷ ലഭിക്കുന്നു!! പരലോകത്തേക്കുപോലും നീട്ടിവെക്കുന്നില്ല!! ആനയെക്കുറിച്ച് എത്ര രൂഢമായ വിശ്വാസമാണ് ഇവർ വെച്ചുപുലർത്തുന്നതെന്ന് ഇതിൽ നിന്നും വ്യക്തമല്ലേ?!

"മുതുമല ആനചികിത്സാ ക്യാംപിൽ നാഗൂർ ദർഗ്ഗയിലെ ഫാതിമ ബീവിയും. ഇവിടെ സുഖചികിത്സക്കെത്തിയ 63 ആനകളിൽ ഭൂരിഭാഗവും തമിഴ് നാട്ടിലെ വിവിധ ക്ഷേത്രങ്ങളിൽനിന്നുള്ളവയാണ്. മുസ്‌ലിം ജമാഅത്തിൽ നിന്ന് എത്തിയ ഏക ആനയാണ് നാഗൂരിലെ ഫാതിമാ ബീവി. നെറ്റിത്തടത്തിൽ ചന്ദ്രക്കലവും നക്ഷത്രവും 786 ഉം രേഖപ്പെടുത്തിയ ആന ഈ ക്യാംപിൽ ഇതുമാത്രമേയുള്ളൂ. ചെവികളിലും നക്ഷത്രം വരച്ചിട്ടുണ്ട്. ഫാതിമാ ബീവിക്ക് ദർഗയിൽ കാര്യമായ പണിയൊന്നുമില്ല. ദർഗ്ഗയിൽ നടക്കുന്ന ചന്ദനക്കുട നേർച്ചയിൽ നെറ്റിപ്പട്ടം കെട്ടിയും പുറത്ത് പട്ട് വിരിച്ചും അണിഞ്ഞൊരുങ്ങി നേർച്ച പരിപാടിക്ക് മാറ്റ് കൂട്ടുന്ന ജോലി മാത്രമേ ഇവൾക്കുള്ളൂ. റമളാനിൽ ദർഗ്ഗക്ക് മുമ്പിലായിരിക്കും ഫാതിമാ ബീവിയുടെ സ്ഥാനം." *(ചന്ദ്രിക. 2005. നവംബർ. 23)*

ചുരുക്കത്തിൽ, ആന എന്ന വന്യ മൃഗം ജാറങ്ങളിലും നേർച്ചകളിലും ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഘടകമാണ്. അത്തരം സ്ഥലങ്ങളിലും സമയങ്ങളിലും ആനയെ പങ്കെടുപ്പിച്ചാൽ വലിയ പുണ്യവും പ്രതിഫലവും പരലോകത്ത് ലഭിക്കുമെന്നുമാണ് പല സാധാരണക്കാരും ധരിച്ചിട്ടുള്ളത്! ഈ വികല വിശ്വാസം പാമരന്മാരിൽ ഊട്ടിവളർത്തി അവരുടെ പോക്കറ്റും അതിലുപരി പരലോകവും കാലിയാക്കുകയാണ് കേരളത്തിലെ മുസ്ല്യാക്കന്മാർ ഗ്രൂപ്പ് വ്യത്യാസമില്ലാതെ ചെയ്യുന്നതും. അതിനുവേണ്ടിയല്ലേ അവർ അവയെ വഴിവിട്ട് ന്യായീകരിക്കുന്നതും ആയത്ത് പോലും ദുർവ്യാഖ്യാനിച്ചതും?! നഊദുബില്ലാഹ്! എവിടേക്കാണിവർ ഈ സമുദായത്തെ കൊണ്ടെത്തിക്കുന്നത്? അല്ലാഹുവേ ഇവരിൽനിന്ന് ഞങ്ങളെയും ഈ സമുദായത്തെയും കാത്തുരക്ഷിക്കേണമേ...!!